**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 90 | 28.10.2019- ൽ മറുപടിക്ക് |

# പ്രളയാനന്തര പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, റോജി എം. ജോൺ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, വി.പി.സജീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ; | (എ) | പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന്, കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതി പുനക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമാണ പദ്ധതികൾ ഏറ്റെടുത്തു.<br>അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായതരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)ന് രൂപം നൽകി.<br>ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയാറാക്കിയ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP)ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ള്യുവിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>വിവിധ വകുപ്പുകൾ തയാറാക്കിയ പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ അംഗീകാരവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലാണ്. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1.പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2.തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ )<br>ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാരസമിതിയുടെ പരിഗണനയിലുണ്ട്. |
| (ബി) | പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്നവരെ പുനരധിവസിപ്പിക്കുന്നതിനും, ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിയ്ക്കാമോ | (ബി) | 15% മുതൽ 100% വരെ തകർച്ച നേരിട്ടതായി 4,28,512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നല്കി തീർപ്പാക്കി. 16,387 വീടുകൾ പൂർണ്ണമായും തകർന്നു എന്നാണ് അപ്പീലുകൾ കൂടി പരിഗണിച്ച ശേഷം നിലവിലെ കണക്കുകൾ. ഇവയിൽ 8131 വീടുകളുടെ പണി പൂർത്തിയായി. 1153 കുടുംബങ്ങൾ വിവിധ കാരണങ്ങളാൽ വീടുകളുടെ പുനർ നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>2018 ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. പഠനത്തിൽ ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകളുടെ ഉടമകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ വീതം നൽകിവരുന്നു. |
| (സി) | 2018 – ലെ പ്രളയം കഴിഞ്ഞ് 14 മാസം കഴിഞ്ഞിട്ടും പ്രളയ | (സി) | നാശനഷ്ടം വന്നു എന്ന് അംഗീകരിച്ച ചില വീടുകൾക്ക് ധനസഹായ തോത് അംഗീകരിച്ച ശേഷം തുക ലഭിച്ചില്ല |

| | | | |
|---|---|---|---|
| | ബാധിതരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കോടതി ഇടപെടലുകൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കുമോ; | | എന്ന കാരണത്താലാണ് ധനസഹായ തോത് അംഗീകരിച്ച കേസുകളിൽ 15 ദിവസത്തിനുള്ളിൽ തുക നല്കണം എന്ന് കോടതി നിർദേശിച്ചത്. ഈ താമസം നടപടി ക്രമത്തിലെ താമസം മാത്രം ആണ് എന്നും 15% മുതൽ 100% വരെ തകർച്ച നേരിട്ടതായി 4,28,512 കുടുംബങ്ങൾ ക്ലെയിമും, അപ്പീലും സമർപ്പിച്ചിരുന്നു എന്നും ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നല്കി തീർപ്പാക്കി എന്നും കോടതിയെ അറിയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രളയാനന്തര പുനർ നിർമ്മാണത്തിനായി രൂപീകൃതമായ റീബിൽഡ് കേരളയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വിലയിരുത്തുന്നതിനുമായി 09/11/2018-ലെ സർക്കാർ ഉത്തരവു പ്രകാരം നിലവിൽവന്ന ഒരു ത്രിതല സംവിധാനം ഉണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷനേതാവും വിദഗ്ധരും അംഗങ്ങളുമായ ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും മൂന്നംഗ ആർ.കെ.ഐ- നിർവഹണ സമിതിയുമാണുള്ളത്. ഈ സമിതികൾ ഇടയ്ക്കിടെ യോഗം ചേർന്ന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ സമയോചിതമായി അവലോകനം ചെയ്യുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ഇ) | പ്രളയത്തിൽ നഷ്ടപ്പെട്ട വസ്തുവകകൾ അതേപടി പുനർനിർമിക്കുകയല്ല, പകരം ഒരു പുതിയ കേരളം കെട്ടിപ്പടുക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഇ) | പ്രളയത്തെ ധീരമായി അഭിമുഖീകരിച്ചതിനുശേഷം, അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമാണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.<br>ഇത്തരത്തിലുള്ള പുനർനിർമാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവി (RKI)ന് രൂപം നൽകിയത്.<br>പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala |

| | | |
|---|---|---|
| | | Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.<br>ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെ കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും അത്യന്താധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉന്നത നിലവാരത്തിൽ കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. കേരളപുനർനിർമാണ പദ്ധതികളിലെല്ലാം ഈ കാഴ്ചപ്പാട് ഉൾച്ചേർന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**